# Indian School Al Wadi Al Kabir

## Pre - Mid Term Examination 2026 -27

### MALAYALAM (012)

Date: 20/05/2026 Time Allowed :1 Hour

Class: IX Maximum Marks: 30

---

***** Please check that this question paper contains 16 questions and 4 printed pages.

**1) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം)** **(5 x 1 = 5)**

ഭൂമിയിൽ ജീവിക്കുന്ന മനുഷ്യന് അത്യാവശ്യം വേണ്ടുന്ന മൂന്ന് കാര്യങ്ങളാണ് വായു, വെള്ളം, ഭക്ഷണം എന്നിവ. ഇതിൽ വായുവും വെള്ളവും കേരളത്തിൽ സുലഭം തന്നെ. എന്നാൽ നാം ഇന്ന് ഭക്ഷണത്തിനായി അന്യനാടുകളെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. അനുദിനം വർദ്ധിക്കുന്ന ജനസംഖ്യ ഭക്ഷ്യപ്രശ്നം സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഭൂമിയിലെ ജനസംഖ്യ കൂടുന്നതിനനുസരിച്ച് കൃഷി സ്ഥലങ്ങൾ വർദ്ധിക്കുന്നില്ല. കാലാവസ്ഥാവ്യതിയാനം മൂലം കർഷകന് വിളനാശം സംഭവിക്കുന്നു. കാർഷികോല്പന്നങ്ങൾക്ക് ആവശ്യത്തിനുള്ള വില ലഭിച്ചില്ലെങ്കിൽ കർഷകന് നഷ്ടം വരും. ഇത് കർഷകന്റെ ആത്മഹത്യയ്ക്ക് വഴിവയ്ക്കുന്നു. കാർഷിക പ്രതിസന്ധി പരിഹരിക്കുകയാണ് ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രധാന ഉപാധി. ബോധവൽക്കരണത്തിലൂടെ ആധുനിക കൃഷിരീതികൾ കർഷകന് മനസ്സിലാക്കി-ക്കൊടുക്കണം. ഇപ്രകാരം കൃഷിക്ക് ആവശ്യമായ പ്രോത്സാഹനം നൽകുകയാണ് വേണ്ടത്. 'വിഷരഹിതമായ ഭക്ഷ്യവസ്തുക്കളാണ് ആരോഗ്യത്തിന് അടിസ്ഥാനം' എന്ന സത്യം കർഷകർ തിരിച്ചറിയുക കൂടി ചെയ്യുമ്പോൾ നമ്മുടെ ഭക്ഷ്യക്ഷാമം മാറുകയും ആരോഗ്യമുള്ള ഒരു തലമുറ ജന്മംകൊള്ളുകയും ചെയ്യും.

**ചോദ്യങ്ങൾ**

a) ഏതു കാര്യത്തിനാണ് കേരളം ഇന്ന് അന്യനാടുകളെ ആശ്രയിക്കുന്നത് ?

b) അനുദിനം വർദ്ധിക്കുന്ന ജനസംഖ്യ എന്ത് പ്രശ്നമാണ് സൃഷ്ടിക്കുന്നത് ?

c) ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രധാന ഉപാധി എന്ത് ?

d) ആധുനിക കൃഷിരീതികൾ കർഷകന് മനസ്സിലാക്കിക്കൊടുക്കേണ്ടത് എങ്ങനെ ?

e) കർഷകർ ഏതു സത്യമാണ് തിരിച്ചറിയേണ്ടത് ?

**2) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** **(5 x 1 = 5)**

a) 'അമ്മ' എന്ന പാഠഭാഗം ഏത് കഥാസമാഹാരത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

(A) നെയ്പ്പായസം (B) പുതപ്പ്

(C) കോലാട് (D) തണുപ്പ്

b) "ഈ വൃദ്ധയെ റോട്ടിൽ കിടത്തി മരിപ്പിക്കാനാണോ തന്റെ ഉദ്ദേശ്യം! മാറി നിൽക്കിൻ " ഇതാരുടെ വാക്കുകളാണ് ?

(A) പാൽക്കാരന്റെ (B) പോലീസുകാരന്റെ

(C) ഡോക്ടറുടെ (D) ടാക്സിക്കാരന്റെ

c) "ആ തെരുവിൽ ഒരു പൊളിഞ്ഞ പാവയെപ്പോലെ അങ്ങനെ കൊഴിഞ്ഞു കിടന്നു" കഥാകാരി ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ?

(A) പാൽക്കാരനെക്കുറിച്ച് (B) വൃദ്ധയെക്കുറിച്ച്

(C) ടാക്സിക്കാരനെക്കുറിച്ച് (D) മക്കളെക്കുറിച്ച്

d) വൃദ്ധയെ കാറിടിച്ച് വീഴ്ത്തിയത് എപ്പോഴാണ് ?

(A) ഭക്ഷണം വാങ്ങി വരുമ്പോൾ (B) മക്കളെ കാണാൻ പോയപ്പോൾ

(C) ക്ഷേത്രത്തിൽ പോകുമ്പോൾ (D) പച്ചക്കറി വാങ്ങി മടങ്ങുമ്പോൾ

e) ''ഈ ചോദ്യം പണ്ടൊരിക്കലും താൻ കേട്ടുവല്ലോ" ഏത് ചോദ്യം കേട്ടപ്പോഴാണ് വൃദ്ധ ഇങ്ങനെ ആലോചിച്ചത് ?

(A) എന്താണ് പേര് ? (B) നിങ്ങൾക്കും ഒരമ്മയില്ലേ?

(C) എന്തുപറ്റി അമ്മേ? (D) അമ്മയ്ക്കു വേദനിക്കുന്നുണ്ടോ?

**3) പര്യായപദങ്ങൾ എടുത്തെഴുതുക.** **(2 x 1= 2)**

a) ചോര ( രക്തം, ക്ഷീരം, തോയം, നിണം )

b) കണ്ണ് ( അധരം, മിഴി, നയനം, ദന്തം )

**4) നാനാർത്ഥപദങ്ങൾ എടുത്തെഴുതുക** **(1 x 1= 1)**

a) കാൽ ( പാദം, അവസരം, നാലിൽ ഒന്ന്, വർഷം )

**5) ശരിയായ വാക്കുകൾ തിരഞ്ഞെടുത്തെഴുതുക.** **(1 x 1= 1)**

a) നിച്ഛലത / നിശ്ചലത / നിച്ചലത / നിശ്ഛലത

**6) അർത്ഥവ്യത്യാസം എഴുതുക.** **(1 x 1= 1)**

a) സ്മൃതി – മൃതി

**7) വിപരീതപദം എഴുതുക.** **(1 x 1= 1)**

a) സ്വദേശം

**8) എതിർലിംഗം എഴുതുക.** **(1 x 1= 1)**

a) പോലീസുകാരൻ

**9) പിരിച്ചെഴുതുക.** **(1 x 1= 1)**

a) എവിടെയാണ്

**10) വിഗ്രഹിച്ചെഴുതുക.** **(1 x 1= 1)**

a) വെള്ളസാരി

**11) ഒറ്റപ്പദം എഴുതുക.** **(1 x 1= 1)**

a) കൈയുടെ തലം

**12) പ്രയോഗം മാറ്റുക.** **(1 x 1= 1)**

a) അന്ന് അവൻ തന്നെ സ്നേഹിച്ചിരുന്നു.

**13) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ച് എഴുതുക.** **(1 x 1= 1)**

a) വെളുത്ത സാരിയിൽ ഒരു ചുവന്ന വൃത്തം വളർന്നു വികസിച്ചു വരുന്നത് അവർ നോക്കിക്കൊണ്ടിരുന്നു.

**14) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(1 x 1= 1)**

a) അവർ വെറും നിലത്ത് തറയിൽ ഒരു പായകൂടി വിരിക്കാൻ മിനക്കെടാതെ കിടന്നു.

**15) ഏതെങ്കിലും ഒരെണ്ണം, ആശയം വ്യക്തമാകുംവിധം വാക്യത്തിൽ പ്രയോഗിക്കുക.** **(1 x 1= 1)**

a) പരിശോധിക്കുക b) തള്ളിയിടുക

**16) ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** **(2 x 3= 6)**

a) മാതൃത്വത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് 'അമ്മ' എന്ന കഥയിൽ അവതരിപ്പിച്ചിരിക്കുന്നത് ?

b) ''അമ്മ എന്ന കഥയിലെ ബോലേറാം മാനവികതയുടെ പ്രതീകമാണ്. '' വിശദീകരിക്കുക.

c) ''കരിഞ്ഞ മരങ്ങളുടെ വേരുകൾ മണ്ണിൽ നിന്ന് പിടിച്ച് മേൽപ്പോട്ട് ഉയരുന്നത് പോലെ ആ കൈവിരലുകൾ ഒരു നിശ്ചലതയോടെ മേൽപ്പോട്ട് വളഞ്ഞു കിടക്കുന്നു.'' ഇത്തരത്തിലുള്ള പ്രയോഗങ്ങൾ കഥയുടെ ഭാവതലത്തെ എങ്ങനെ സ്വാധീനിക്കുന്നു ?

***